"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെ വിവരം സഞ്ചയ വസ്തുനികുതി ഡാറ്റാബേസ്-ൽ ഉൾപ്പെടുത്തുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2002/2024/LSGD തീയതി,തിരുവനന്തപുരം, 21-10-2024

---

പരാമർശം:-
1. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന കോഴിക്കോട് ജില്ലാ അദാലത്തിൽ ശ്രീ കുമാരാശ്രമം എ.എൽ.പി.എസ് മാനേജർ സമർപ്പിച്ച പരാതി.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.09.2024-ലെ LSGD/PD/32902/2024-DB2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെ ശരിയായ വിസ്തീർണ്ണം അസ്സസ്സ്മെന്റ് രജിസ്റ്ററുകളിൽ ചേർത്തിട്ടില്ലാത്തതിനാൽ സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകുന്നതിൽ തടസ്സം നേരിടുന്നുവെന്നും, ഇതിനൊരു പരിഹാരം ഉണ്ടാവണമെന്നുമുള്ള ആവശ്യം ഉയർന്നു വന്നിരുന്നു. സംസ്ഥാന വ്യാപകമായി നടത്തിയ തദ്ദേശ സ്വയംഭരണ വകുപ്പ് അദാലത്തിലും പ്രസ്തുത വിഷയം സജീവമായി ഉയർന്നു വരികയുണ്ടായി. അദാലത്തിൽ നടത്തിയ തീർപ്പിനെ തുടർന്ന്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ വസ്തുനികുതി ഡാറ്റാബേസ് -ൽ ഉൾപ്പെടുത്തുന്നതിന് ചുവടെ ചേർത്തിരിക്കും പ്രകാരം പൊതുനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) മുമ്പ് കെട്ടിടം നിലവിലുണ്ടായിരുന്നു എന്ന് തെളിയിക്കുവാൻ മതിയായ രേഖകൾ ഹാജരാക്കുന്ന പക്ഷം ടി കെട്ടിടങ്ങൾ ഡാറ്റ പ്യൂരിഫിക്കേഷനിലൂടെ സഞ്ചയ ഡാറ്റാബേസ്-ൽ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി സ്കൂളുകൾക്ക് മുൻ വർഷങ്ങളിൽ ലഭിച്ചിട്ടുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ, അതിനായി സൂപ്പർ വിഷൻ ചാർജ് അടവാക്കിയ രേഖകൾ, മതിയായ മറ്റേതെങ്കിലും രേഖകൾ, ഫോട്ടോകൾ എന്നിവ സ്കൂൾ അധികൃതർ ഹാജരാക്കുന്ന പക്ഷവും കെട്ടിട നിർമ്മാണത്തിന്റെ കാലപ്പഴക്കം കണക്കാക്കിയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാകുന്നതാണോ എന്നത് ബോധ്യപ്പെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാകുന്നതിന് മുൻപ് നിർമ്മിച്ച കെട്ടിടങ്ങൾ യാതൊരു ക്രമവൽക്കരണ ഫീസും ഈടാക്കാതെ സഞ്ചയ ഡാറ്റാബേസ് -ൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

(3) ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ കെട്ടിടങ്ങളുടെ കാർപെറ്റ് ഏരിയ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യങ്ങളിൽ സഞ്ജയ ഡാറ്റാബേസ് -ൽ ഈ കെട്ടിടങ്ങളുടെ യഥാർത്ഥ പ്ലിന്ത് ഏരിയ ഉൾപ്പെടുത്തുവാൻ എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് നൽകേണ്ടതാണ്.

(4) ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ ഉൾപ്പെടാതെ വരുന്ന അനുബന്ധ കെട്ടിടങ്ങളായ സ്റ്റേജ്, കഞ്ഞിപ്പുര, ടോയിലെറ്റ് മുതലായ നിർമ്മിതികളുടെ വിസ്തീർണ്ണവും ഇതോടൊപ്പം പരിശോധിച്ച് സഞ്ജയ ഡേറ്റാബേസ്-ൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

(5) അനുബന്ധ കെട്ടിടങ്ങളുടെ വിസ്തീർണ്ണം സംബന്ധിച്ച്, എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ മാനേജർമാർ, സർക്കാർ സ്കൂളുകളുടെ കാര്യത്തിൽ പ്രിൻസിപ്പൽമാർ/ഹെഡ്മാസ്റ്റർമാർ എന്നിവർ പ്ലാൻ സഹിതം സ്വയം സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മൂന്ന് മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

(എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനായി)

2.ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3.പൊതു വിദ്യാഭ്യാസ ഡയറക്ടർ, പൊതു വിദ്യഭ്യാസ വകുപ്പ്, തിരുവനന്തപുരം

4.ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്, തിരുവനന്തപുരം

6.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർ.ഡി

7.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

8.പൊതു വിദ്യഭ്യാസ വകുപ്പ്

9.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 22-10-2024 10:53:50
സെക്ഷൻ ഓഫീസർ